ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കൈമാറ്റം മാത്രമല്ല, കയ്യേറ്റവും നടക്കുന്നുണ്ടെന്നുള്ളതു പരിഗണിച്ച് ഇതു തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: കയ്യേറ്റമുണ്ടെങ്കിൽ ഗവൺമെൻറിന്റെ സകല വിധ സംരക്ഷണവും ആദിവാസികൾക്കു നൽകും എന്നാണ് എനിക്കു പറയാനുള്ളത്. അതാണ് ചെയ്യേണ്ടത്, അതു ചെയ്യും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതാണ് ചെയ്യേണ്ടത്. അടിമാലിയിൽ ആദിവാസികളുടെ ഭൂമിയും ഏലവും എല്ലാം കയ്യേറുകയും ആ കയ്യേറ്റക്കാർക്ക് സംരക്ഷണം കൊടുക്കാൻ പോലീസിനെ ഉപയോഗിക്കുകയും ചെയ്തതായി പരാതി ഞാൻ തന്നെ ഗവൺമെൻറിനു കൊടുത്തിട്ടുണ്ട്. അതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നടപടി എടുക്കേണ്ടതാണെന്നു പറയുന്ന മന്ത്രി അടിമാലിയിലെ ഈ കാര്യം പരിശോധിച്ച് കയ്യേറ്റക്കാർക്കെതിരായി നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: അങ്ങനെ ചില പരാതികൾ കിട്ടി. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കയ്യേറ്റങ്ങൾ തടയണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ ഖണ്ഡിതമായ അഭിപ്രായം. വിശേഷിച്ചും ദുർബല വിഭാഗമായ ആദിവാസികളെ ദ്രോഹിക്കുന്ന നടപടി ഫലപ്രദമായി തടയണമെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

സ്പെഷ്യലാഫീസറുടെ നിർദ്ദേശങ്ങൾ

*406 [430] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടനയും കാര്യക്ഷമമായ നടത്തിപ്പും ഉദ്ദേശിച്ചു കൊണ്ട് ഗവൺമെൻറ് നിയമിച്ച സ്പെഷ്യലാഫീസറുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഗവൺമെൻറ് അംഗീകരിച്ചു നടപ്പിലാക്കി;

(സി) ബാക്കി ശുപാർശകൾ അംഗീകരിച്ചു കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്ത്;

(ഇ) അവ എന്നു നടപ്പിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ മുതൽ ഇ വരെ): കോർപ്പറേഷന് അഞ്ചു മേഖലകൾ രൂപീകരിക്കണമെന്നും മേഖലാ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ സ്ഥാപിച്ച് റിപ്പയറിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും മേഖലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥനു കാര്യക്ഷമമായ നടത്തിപ്പിനു വേണ്ട അധികാരങ്ങൾ—താഴെയുള്ള ഉദ്യോഗസ്ഥൻമാരുടെ മേലുള്ള ശിക്ഷണ നടപടിയുടെ കാര്യത്തിലുൾപ്പെടെ—നൽകണമെന്നും സാമ്പത്തി

LIBRARY ARCHIVES Kerala Legislative Assembly

കമായ, സുഗമമായ നടത്തിപ്പിനുള്ള ചുമതലകൂടി ഉള്ളതുകൊണ്ട് അക്കൗണ്ട് മേഖലാടിസ്ഥാനത്തിൽ തയ്യാറാക്കണമെന്നും, അങ്ങനെ ഡിപ്പോ നിലവാരത്തിൽ സർവ്വീസ് നടത്തിപ്പിന് മുഴുവൻ ശ്രദ്ധയും നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വലിയ തോതിലുള്ള സാധനങ്ങളുടെ വാങ്ങൽ നിലവിലുള്ളതുപോലെ ചീഫ് ഓഫീസ് നിലവാരത്തിൽ തന്നെ നടപടികൂടി എടുത്തു വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റാഫിന്റെ കാര്യത്തിൽ സീനിയോറിറ്റിക്ക് ഒരു കോട്ടവും തട്ടാത്ത നിലയിൽ സുഗമമായ പ്രവർത്തനത്തിന്റെ ആവശ്യകത മുൻനിർത്തി അവരെ മേഖലകളിലേക്ക് അലോട്ടു ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

യൂണിയനുകളുമായി കൂടി ചർച്ച ചെയ്തശേഷം നിർദ്ദേശങ്ങളിൻമേൽ നടപടി എടുക്കുന്നതാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഈ ശുപാർശകൂടി ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. പക്ഷേ, ഇതു നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷനിലെ ജീവനക്കാരുടേയും മറ്റ് ആളുകളുടേയും അഭിപ്രായം അറിഞ്ഞതിനു ശേഷമേ നടപ്പാക്കാൻ പാടുള്ളൂ എന്നു വിചാരിക്കുന്നതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. കോർപ്പറേഷനിലെ തൊഴിലാളി സംഘടനകളുമായി മറ്റുള്ള ചർച്ചകൂടി നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അതിന്റെ ഇടയിൽ ഇതിന് സമയം കിട്ടിയിട്ടില്ല. അതുകൊണ്ടാണ് താമസിച്ചത്.

ശ്രീ. കെ. സുകുമാരനുണ്ണി: അഞ്ചു മേഖലകളായി തിരിക്കണമെന്നാണു നിർദ്ദേശം വച്ചിട്ടുള്ളതെന്നു പറഞ്ഞു. അതിന്റെ ഫലമായി അഞ്ച് ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ തസ്തിക സൃഷ്ടിക്കാനാണോ ഉദ്ദേശിക്കുന്നത്, അതോ മൊത്തത്തിൽ യാത്രക്കാർക്കും മറ്റും മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കികൊടുക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: മേഖലാടിസ്ഥാനത്തിൽ വിഭജിക്കണമെന്ന് ആഗ്രഹിക്കുന്നതിൽനിന്നു തന്നെ അതിന്റെ ഉദ്ദേശം, നല്ല വണ്ണം അറിയാവുന്നതാണ്. കാരണം, ഉദ്യോഗസ്ഥൻമാരുടെ തസ്തിക സൃഷ്ടിക്കാനാണെങ്കിൽ ഇത്രയും ബുദ്ധിമുട്ടേണ്ട കാര്യമില്ല. യാത്രാസൗകര്യം വേണ്ടവണ്ണം ഇല്ലെന്നുള്ള പരാതിയുള്ളതുകൊണ്ടും തിരുവനന്തപുരത്തിരുന്നുകൊണ്ട് കേരളത്തിലെ എല്ലാ റൂട്ടുകളെയും നിയന്ത്രിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും, അതാതു പ്രദേശത്തുള്ള ആളുകളുടെ പരാതി പരിഗണിച്ച് അവിടവിടെ റൂട്ടുകൂടി ആരംഭിക്കുന്നതിനും സമയം ക്രിപ്തപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സമ്പ്രദായം സ്വീകരിക്കുന്നത്. അല്ലാതെ വലിയ ഉദ്യോഗസ്ഥൻമാരുടെ പ്രശ്നമേ ഇല്ല.

ശ്രീ. കെ. സുകുമാരനുണ്ണി: നമ്മുടെ സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. വക ബസ്സുകൂടി മുഖേനയാണ് കൂടുതൽ റോഡപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്. അതില്ലാതാക്കുന്നതിനു വേണ്ടി അടിയന്തിരമായി ഒരു സംവിധാനം ഉണ്ടാക്കി ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് ഈ അപകടങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ അഭിപ്രായം തെറ്റാണ്. കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കല്ല, ലോറികൾക്കും പ്രൈവറ്റ് ബസ്സുകൾക്കുമാണ് കൂടുതൽ അപകടമുണ്ടാകുന്നത്. ആ കൂട്ടത്തിൽ കോർപ്പറേഷൻ വക ബസ്സുകൾക്കും അപകടമുണ്ടാകും. പൊതുവേ റോഡപകടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്. ആ നടപടിയിൽ ഒരു വിഭാഗം ആളുകൾക്ക് എതിർപ്പും ഉണ്ട്. കൂടുതൽ കൂടുതൽ ചെക്കിംഗ് ഏർപ്പെടുത്തുന്നത് ബുദ്ധിമുട്ടാണെന്നുള്ള പരാതിയും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. പി. സി. ജോസഫ്: അഞ്ചു മേഖലകളായി തിരിക്കുന്നത് പ്രവർത്തനം ഇഫക്റ്റീവാക്കുന്നതിനു സ്വാഗതാർഹമാണെങ്കിലും അതിനു മുമ്പു തന്നെ ജില്ലകളായി തിരിച്ചുള്ള പ്രവർത്തനങ്ങളുണ്ട്. ജില്ലകളായി ഉയർത്തപ്പെട്ടതിൽ മൂവാറ്റുപുഴ പോലെ അനാഥമായി കിടക്കുന്ന ജില്ലകളുടെ കാര്യം പരിഗണിച്ചതിനു ശേഷം മാത്രം ഇതു പോലെയുള്ള പരിഷ്കാരങ്ങൾ വരുത്തുന്നതിൽ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പൊതുവേ എല്ലാ ജില്ലാ ഡിപ്പോകളിലും ബസ്സുകൾ കുറവാണ്. അതിനുള്ള പല കാരണങ്ങളും പല പ്പോഴും നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ബസ്സ് വാങ്ങുന്നതിൽ കുറവുണ്ട്, വാങ്ങുന്ന ബസ്സുകളുടെ എണ്ണം പോരാത്തതുണ്ട്. പല ഡിപ്പോകളും ബസ്സ് ഓടിക്കാൻ ബുദ്ധിമുട്ടു ചൂണ്ടിക്കാണിക്കുന്നുണ്ട്. നമ്മളെല്ലാവരും യോജിച്ചാലല്ലാതെ തടസ്സം കൂടാതെ ഓടിക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള സംവിധാനമില്ലാത്തിടത്തോളം കാലം പരാതികൊണ്ടൊന്നും വലിയ പ്രയോജനമില്ല.

ശ്രീ. ടി. എം. ജേക്കബ്: ട്രാൻസ്പോർട്ടു കോർപ്പറേഷൻ ആരംഭിച്ചിരിക്കുന്ന സർവ്വീസുകൾ തന്നെ ഇപ്പോൾ മുടങ്ങാതെ പോകുന്നില്ല എന്നുള്ള വ്യാപകമായ പരാതി ഉണ്ടായിട്ടുണ്ട്. അതു കോർപ്പറേഷൻ അംഗീകരിച്ചിട്ടുമുണ്ട്. ആരംഭിച്ച സർവ്വീസുകൾ മുടങ്ങാതെ കൊണ്ടു പോകുന്നതിന് സ്പെഷ്യലാഫീസറുടെ റിപ്പോർട്ടിൽ എന്തെങ്കിലും നിർദ്ദേശമുണ്ടോ, ഉണ്ടെങ്കിൽ അതൊന്നു നടപ്പാക്കിയ ശേഷം മാത്രം ബൈഫർക്കേഷൻ പരിപാടി തുടങ്ങുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ പ്രദേശത്തും എവിടെയൊക്കെ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നു എന്നു നോക്കി അപ്പപ്പോൾ പരിഹാര മാർഗ്ഗം നിർദ്ദേശിക്കാൻ വേണ്ടിയാണ് ചെറിയ മേഖലകളാക്കി ഇവയുടെ പ്രവർത്തനം ക്രോഡീകരിക്കുന്നത്.

ശ്രീ. കൊരമ്പയിൽ അഹമ്മദു ഹാജി: ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ കളക്ഷനിൽ വലിയ കുറവു വരുന്നത് സമയപ്പട്ടിക ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യാത്തതുകൊണ്ടാണ്. പ്രൈവറ്റ് സെക്റ്ററും കോർപ്പറേഷന്റെ ഇതര ബസ്സുകളും തമ്മിൽ അനാരോഗ്യകരമായ ഒരു കോമ്പറ്റീഷൻ നടക്കുന്നതുകൊണ്ട് ആർ. ടി. എ. മുഖാന്തിരം സമയം നിശ്ചയിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ അഭിപ്രായം ശരിയല്ല. പ്രധാനമായും ദേശസാൽക്കരിച്ച റൂട്ടുകളാണ് കോർപ്പറേഷൻ ഓപ്പറേറ്റു ചെയ്യുന്നത്. അവിടെ മറ്റുള്ള മൽസരത്തിന്റെ പ്രശ്നമില്ല. പ്രൈവറ്റ് മേഖലയും നമ്മുടെ മേഖലയും ഒന്നിച്ചു പ്രവർത്തിക്കുന്ന സ്ഥലത്ത് മൽസരം ഉണ്ട്. അവിടെ സമയം നിശ്ചയിച്ചതിൽ അപാകത ഉണ്ടെങ്കിൽ അതെപ്പറ്റി പരിശോധിച്ചു വേണ്ടതുചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ട്രാൻസ്പോർട്ടു കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കാര ചർച്ച എവിടം വരെയായി? എന്നത്തേക്കു നടപ്പിലാകും? അതു നടപ്പിലാക്കുന്നതോടുകൂടി സ്റ്റാഫിന്റെ പുനർനിർണ്ണയം നടത്താനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചർച്ചകൾ ഏതാണ്ടു പൂർത്തിയായി. അതിനു ശേഷം പിന്നെ താമസിപ്പിക്കേണ്ട കാര്യമില്ല. നടപ്പിലാക്കുന്നതോടു കൂടി സ്റ്റാഫിന്റെ പുനർനിർണ്ണയംകൂടി വേണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഒൻപതു കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നു പത്രത്തിൽ വാർത്ത കണ്ടു. ശരിയോ തെറ്റോ എന്നറിയില്ല. മേഖലാ രൂപീകരണത്തോടുകൂടിയും കൂടുതൽ നഷ്ടമുണ്ടാകും. അതുപോലെ തന്നെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം വരുന്നതു കൊണ്ട് മറ്റ് ഏതാനും കോടി രൂപ കൂടി ചെലവാകും. അതുകൊണ്ട്, മദ്രാസിലും യു. പി. തുടങ്ങിയ മറ്റു സ്ഥലങ്ങളിലുമെല്ലാം പരീക്ഷിച്ചു പരാജയപ്പെട്ട ഈ മേഖലാ സമ്പ്രദായം ഉപേക്ഷിച്ച് ഒന്നോ രണ്ടോ വലിയ കോർപ്പറേഷനുകൾ മലബാറും കൊച്ചിയും കേന്ദ്രീകരിച്ച് സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ? അതിന് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിൽ നിന്ന് ലോണും മറ്റും കിട്ടുന്നതിനുള്ള സൗകര്യവും ഉണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. പ്രത്യേകിച്ച് ഒരു യൂണിയൻ നേതാവു കൂടിയായ ശ്രീ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രായം തീർച്ചയായും കണക്കിലെടുക്കും. പ്രത്യേകം പ്രത്യേകം കോർപ്പറേഷനുകളുണ്ടാക്കുന്നത് നല്ലതാണെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. മറ്റു ചില ബുദ്ധിമുട്ടുകളുള്ളതുകൊണ്ടാണ് താൽക്കാലികമായി ഓപ്പറേഷൻ വിഭാഗമെങ്കിലും പ്രത്യേകമായിത്തീരട്ടെ എന്നു വിചാരിച്ച് മേഖലാടിസ്ഥാനത്തിൽ തിരിക്കാനുദ്ദേശിക്കുന്നത്. തൊഴിലാളികളുടെ സ്ഥലം മാറ്റത്തിനോ സീനിയോറിറ്റിക്കോ ഒന്നും ഒരു പ്രശ്നവുമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് മേഖലയായി തിരിക്കുന്നത്. പ്രത്യേകം പ്രത്യേകം കോർപ്പറേഷനായാൽ വേഗം നടപ്പാക്കുന്നതിനു തടസ്സമുണ്ടാകും. പല സ്ഥലങ്ങളിലും പരീക്ഷിച്ചു പരാജയപ്പെട്ടു എന്നുള്ള അഭിപ്രായത്തോടു യോജിക്കാൻ കഴിയില്ല. പരീക്ഷിച്ച സ്ഥലത്തൊക്കെ വിജയമാണ്. പ്രത്യേകം കോർപ്പറേഷൻ ഉണ്ടാക്കണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ട് തമിഴ്നാട്ടിൽ പെട്ടെന്നു നിറുത്തി എന്നുള്ളതേയുള്ളു.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: കഴിഞ്ഞ ബഡ്ജറ്റ് സെഷന് ഒരാഴ്ച മുമ്പ് ബഹുമാനപ്പെട്ട മന്ത്രി എം. എൽ. എ. മാരുടെ ഒരു യോഗം വിളിച്ചു കൂട്ടി ഒരു കേക്കും ഒരു ചായയുമൊക്കെ തന്നിട്ടു പറഞ്ഞു. കാസർകോട് സബ്ഡിപ്പോ തുടങ്ങും; കോഴിക്കോട്ട് റീജിയണൽ വർക്ക്ഷോപ്പ് തുടങ്ങും എന്ന്. അതിന് ഒന്നൊന്നരക്കോടി രൂപ അകൗസിഷൻ വാല്യൂ ആയിട്ട് അടച്ചിരിക്കുകയാണെന്നു പറഞ്ഞു. ഇതുവരെ അതു നടന്നു കണ്ടില്ല, എപ്പോഴാകും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയുള്ള കാര്യങ്ങൾ സമയം ക്ലിപ്തപ്പെടുത്തി ചെയ്യാനൊക്കുകയില്ല. അതിനേക്കാൾ അത്യാവശ്യമുള്ള പലതും പത്തു പന്ത്രണ്ടു മാസത്തിനുള്ളിൽ നടക്കുമെന്നു പറഞ്ഞാൽ പോലും ചിലതു നടക്കാൻ താമസിച്ചു പോകും. കാസർകോട്ടെ കാര്യം തീരുമാനമെടുത്തു കഴിഞ്ഞു; ഭൂമിയെടുക്കാനുള്ള നടപടി കളക്ടർ എടുത്തുകൊണ്ടിരിക്കുകയാണ്. ഇടയ്ക്കൊരു തടസ്സമുണ്ടായത് ആ സ്ഥലമെടുത്തതിനെപ്പറ്റി മുനിസിപ്പാലിറ്റി ഒരു പരാതി തരികയും അതേപ്പറ്റി അന്വേഷിക്കാൻ സമയം എടുക്കുകയും ചെയ്തതുകൊണ്ടാണ്. കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പിനുള്ള സ്ഥലം എടുത്തു കഴിഞ്ഞു.

ശ്രീ. പി. കരുണാകരൻ: നിരവധി പ്രൈവറ്റ് ബസ്സുകൾ ഇൻറർ സ്റ്റേറ്റ് സർവ്വീസ് നടത്തുന്ന കാര്യം എം. എൽ. എ. മാരുടെ യോഗത്തിൽവച്ച് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർക്ക് പെർമിറ്റില്ല നികുതിയും കൊടുക്കേണ്ടതില്ല. ഇതു പൂർണ്ണമായി നിയന്ത്രിക്കണമെന്നു പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇന്നും അതു തുടർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഒഴിവാക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ലൈൻസർവ്വീസായി നടത്തുന്നില്ല. ടൂറിസ്റ്റ് പെർമിറ്റുകൾ വാങ്ങി ചിലപ്പോൾ ചില തകരാറുകളൊക്കെ കാണിച്ച് ലൈൻബസ് പോലെ ഓപ്പറേറ്റു ചെയ്യാറുണ്ട്; അവരെ പിടിക്കാറുമുണ്ട്. പലരും കോടതിയിൽ നിന്നു സ്റ്റേ വാങ്ങിച്ചിരിക്കുകയാണ്.

ശ്രീ. വി. ജെ. ജോസഫ്: കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിന് ഡി. ടി. ഒ., എ. ടി. ഒ. എന്നീ തസ്തികകളിൽ സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നത് കൂടുതൽ നല്ലതല്ലേ? ഗവൺമെൻറ് അതേപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? വർക്ക്ഷോപ്പുകളും മറ്റുമുള്ള സ്ഥിതിക്ക് സാങ്കേതിക പരിജ്ഞാനമുള്ളവരെ അൻപതു ശതമാനമെങ്കിലും നേരിട്ടു നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതേപ്പറ്റി ആലോചിക്കാം. കാര്യക്ഷമതയെപ്പറ്റി കൂടെക്കൂടെ പറയുന്നതുകൊണ്ട് രണ്ടു വാക്കു പറയാതിരിക്കുന്നതു ശരിയല്ല. ഇത്ര കൊല്ലം പഴക്കമുള്ള ബസ്സുകൾ മാത്രമേ ഓടിക്കാൻ പാടുള്ളൂ, ഓടിക്കാൻ കഴിയുകയുള്ളൂ എന്നൊക്കെ നിയമമുണ്ടെങ്കിലും നമ്മുടെ ബുദ്ധിമുട്ടു പരിഗണിച്ച് അതുമാറ്റി 7 എന്നുള്ളത് 18 ആക്കിയിരിക്കുകയാണ്. ഇത്രയും പഴക്കമുള്ള ബസ്സുകൾ മലകളും കുന്നുകളും ധാരാളമുള്ള നമ്മുടെ കേരളത്തിലെ റോഡുകളിൽ കൂടി സഞ്ചരിക്കുമ്പോൾവരുന്ന പ്രയാസം നമുക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. പ്രായംകൊണ്ടും ധാരാളം ബസ്സുകൾക്കു കേടു വരുന്നുണ്ട്. റോഡിൻറെ പ്രത്യേകതകൊണ്ടും ഭൂമിശാസ്ത്രപരമായ നിമ്നോന്നതകൊണ്ടുമെല്ലാം കേടുകൾ സംഭവിക്കുന്നുണ്ട്. അതു കൂടാതെ മറ്റൊരു സംസ്ഥാനത്തും കാണാത്ത രീതിയിൽ ഉള്ള ഒരു സംഭവംകൂടി ഇവിടെ കാണാം. അതായത് കേടുവരുന്ന ബസ്സുകളുടെ കാൽഭാഗവും കേടു വരുത്തുന്നതാണ്. അതിനുവേണ്ടി പരിശ്രമിക്കുന്നതിനെതിരായി ഒരു വാക്കുപോലും പറയാൻ ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് കഴിയാതെ പോകുന്നുണ്ട്. ഒരു ബസ് ഒരു മണിക്കൂർ താമസിച്ചാൽ ധാരാളം പരാതി പറയാൻ ആളുണ്ടാവും. എന്നാൽ പത്തു ബസ്സിനു തീവച്ചാൽ ഒരു പരാതിപോലും പൊതുജനങ്ങളിൽനിന്നോ മറ്റുള്ളവരിൽ നിന്നോ ഉണ്ടാകാതെ പോകുന്നതു കഷ്ടമാണ്. ശരിക്കു നടത്തണമെന്നു പറയുന്ന ആളുകൾ ഈ വക കാര്യങ്ങൾകൂടി ശ്രദ്ധിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആളുകളെ അതിൽനിന്നു പിന്തിരിപ്പിക്കാനുള്ള ശക്തമായ ഒരു നീക്കംകൂടി ആരംഭിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

വെസ്റ്റേൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി

*407 [431] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീ. പി. പി. എസ്തോസ്:
ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ—സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റ്റേൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി പ്രകാരം ഗിരിജന ഉന്നമനത്തിനു വേണ്ടി എന്തൊക്കെ പരിപാടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ഇതനുസരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെ;

(ഡി) പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ, ബി) വെസ്റ്റേൺ ഗാട്ട് ഡെവലപ്മെൻറ് പദ്ധതി പ്രകാരം താഴെപ്പറയുന്ന പരിപാടികളാണ് ഗിരിജനോന്നമനത്തിനു വേണ്ടി ഉൾക്കൊള്ളിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഇടുക്കി ക്ഷീരവികസന പദ്ധതി
2. അട്ടപ്പാടി ക്ഷീരവികസന പദ്ധതി
3. അട്ടപ്പാടി സഹകരണകൃഷിത്തോട്ടം സ്ഥാപിക്കൽ
4. ഏലം കൃഷിക്കായി വയനാടു സഹകരണകൃഷിത്തോട്ടം നടപ്പാക്കൽ
5. പാൽ ശീതീകരണയന്ത്രങ്ങൾ സ്ഥാപിക്കൽ
6. ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകൽ

(സി, ഡി) ഉത്തരം മേശപ്പുറത്തു വച്ചിട്ടുണ്ട്.†

ശ്രീ. പി. പി. എസ്തോസ്: ഇത്തരത്തിൽ നീണ്ട ഒരു മറുപടിയിൽ നിന്നും സപ്ലിമെൻറു ചോദ്യം ചോദിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിപാടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ—എന്നല്ലേ ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിച്ചിരിക്കുന്നത്?

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly